

THURSDAY 20/11/2025 വ്യാഴാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/11/2025

1. മാറുന്ന കാലാവസ്ഥാ സാഹചര്യത്തിൽ സുസ്ഥിര കൃഷിക്ക് ഭീഷണിയാകുന്ന കളകളെ കൈകാര്യം ചെയ്യുന്നതിനുള്ള നവീന തന്ത്രങ്ങൾ ചർച്ച ചെയ്യാൻ രാജ്യാന്തര സെമിനാർ സംഘടിപ്പിക്കുന്നു. വെള്ളായണി കാർഷിക കോളേജ്, അഗ്രോണമി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഈ മാസം 27, 28 തീയതികളിലാണ് സെമിനാർ നടത്തും. കാലാവസ്ഥ മാറ്റം കളകളുടെ വളർച്ചയിലും വ്യാപനത്തിലും വരുത്തുന്ന മാറ്റങ്ങൾ സെമിനാറിൽ പ്രധാന ചർച്ചാവിഷയമാകും. ഓസ്ട്രേലിയയിലെ ക്വീൻസ് ലാൻഡ് യൂണിവേഴ്സിറ്റിയിലെ ഡോ. ബി.എസ്. ചൗഹാൻ മുഖ്യപ്രഭാഷണം നടത്തും. ഐ.സി.എ.ആർ. – ഐ.എ.ആർ.ഐ., ഐ.സി.എ.ആർ. –സി.ടി.സി.ആർ.ഐ., ടി.എൻ.എ.യു. ഉൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ പങ്കെടുക്കും. സെമിനാർ സെഷനുകളിൽ പങ്കെടുക്കുന്നവർക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ www.cwis2025.com. എന്ന വെബ് സൈറ്റിൽനിന്നു ലഭിക്കും.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ചെറുതേനീച്ചവളർത്തലിനെക്കുറിച്ചും ചെറുതേനീച്ചകോളനികളുടെ ശാസ്ത്രീയമായ പരിചരണങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഈ രംഗത്ത് വൈദഗ്ധ്യം നേടിയ ഹോർട്ടിക്കോർപ്പിലെ മുൻ പ്രോഗ്രാം ഓഫീസർ ബെന്നി ഡാനിയേൽ 2025 നവംബർ 20 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ 04812576622.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രവും വെള്ളാനിക്കര കാർഷിക കോളേജ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗവും സംയുക്തമായി നടത്തുന്ന "R സോഫ്റ്റ് വെയറിൽ" ഡാറ്റാ വിശകലന തത്ത്വങ്ങൾ എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടി നവംബർ 24ന് ആരംഭിക്കും. R സോഫ്റ്റ് വെയർ എന്നത് സ്റ്റാറ്റിസ്റ്റിക്കൽ കമ്പ്യൂട്ടിംഗിനും ഡാറ്റ വിശകലനത്തിനു

4. ള്ള ഒരു സ്വതന്ത്ര, ഓപ്പൺ സോഴ്സ് പ്രോഗ്രാമിംഗ് ഭാഷയും സോഫ്റ്റ്വെയറുമാണ് . "R" സോഫ്റ്റ് വെയറിന്റെ വിശദമായ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉപയോഗം, ഡാറ്റാ വിശകലന രീതികൾ എന്നീ വിഷയങ്ങളിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. നവംബർ മാസം 24 മുതൽ 28 വരെയാണ് പരിശീലനം. ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ ഓൺലൈനായി പങ്കെടുക്കാം. 1000 രൂപയാണ് പരിശീലന ഫീസ്. പങ്കെടുക്കുവാൻആഗ്രഹിക്കുന്നവർക്ക് https://forms.gle/7baLuaX2 xciZDYfX7 എന്ന ലിങ്ക് ഉപയോഗിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547837256 എന്ന നമ്പറിലും celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്.

5. തിരുവനന്തപുരം സ്റ്റാച്യുയിൽ പ്രവർത്തിക്കുന്ന ഗ്രാമീണ സ്വ യംതൊഴിൽ പരിശീലനകേന്ദ്ര ത്തിൽ ഡിസംബർ 1 ന് ആരംഭിക്കുന്ന 11 ദിവസത്തെ **സൗജന്യ കൂൺ കൃഷി പരിശീലനത്തിന്** അപേക്ഷ ക്ഷണിച്ചു. ക്ലാസുകൾ രാവിലെ 9.30 മുതൽ 5 മണി വരെയായിരിക്കും. 18-50 പ്രായപരിധിയിലുള്ളവർക്ക് 0471-2322430,8891228788 എന്നീ നമ്പരുകളിൽ ഓഫീസ് സമയത്ത് വിളിച്ച് രജിസ്റ്റർ ചെയ്ത് നവംബർ 24 ന് നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

6. സർക്കാർ പൊതുമേഖലാ സ്ഥാപനമായ പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉൽപ്പാദിപ്പിക്കുന്ന ഗ്രാമശ്രീ ഇനത്തിൽപ്പെട്ട 45 ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ആവശ്യമുള്ളവർ, രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെ 9495000923 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"ആട് വളർത്തൽ- ശാസ്ത്രീയ പരിപാലന രീതികൾ"** എന്ന വിഷയത്തിൽ 2025 നവംബർ 20ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ (UPI id - kvkthrissur.527@sbi). താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി **"ശാസ്ത്രീയമായ പശു പരിപാലനം പരിശീലനം"** എന്ന വിഷയത്തെ ആസ്പദമാക്കി നവംബർ മാസം 25 മുതൽ 29 വരെ അഞ്ച് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447305100, 9496267464, 04734299869, 8304948553 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് സന്ദേശം അയക്കുകയോ ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. മഷ്റൂം ഫാർമേഴ്സ് ആൻഡ് ബൈപ്രോഡക്ട്സ് പ്രൊഡ്യൂസേഴ്സ് വെൽഫെയർ സൊസൈറ്റി കൂൺപുരയുടെ നേതൃത്വത്തിൽ **കൂൺ കൃഷി പരിശീലനം** സംഘടിപ്പിക്കും. ഈ മാസം 26 ന് രാവിലെ പത്ത് മുതൽ കൈമനം കൂൺപുരയിലാണ് സൗജന്യ പരിശീലനം. ഗ്രൂപ്പുകൾക്കും സംഘടനകൾക്കും അവരവരുടെ സ്ഥലത്ത് വെച്ച് പരിശീലനം നൽകുന്നതിനൊപ്പം കൃഷിക്ക് ആവശ്യമായ വിത്തും മറ്റ് സാധനങ്ങളും എത്തിച്ചു നൽകും. കൂടാതെ കർഷകരിൽ നിന്നും കൂൺ വിലക്കെടുക്കുകയും ചെയ്യും. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 9847328975.